# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-ഉപരി പഠനാർത്ഥമുള്ള ശൂന്യവേതന അവധിയ്ക്ക് ശേഷം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. പി. ഉമാമഹേശ്വരി-യ്ക്ക് ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഡോ. പി. ഉമാമഹേശ്വരി, ജൂനിയർ കൺസൾട്ടൻറ്, ജനറൽ മെഡിസിൻ - ന്റെ 22.12.2025 ലെ അപേക്ഷ

**ഉത്തരവ് നം. ഇ.ബി1-30811/2025/ആ.വ.ഡ തീയതി : 23-12-2025**

കോഴിക്കോട് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സേവനത്തിലിരിക്കേ **DNBSS Medical Oncology course** ന് അഡ്മിഷൻ ലഭിച്ചതിനെ തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിരാക്ഷേപ പത്രം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉപരി പഠനാർത്ഥമുള്ള ശൂന്യ വേതന അവധിയിൽ പ്രവേശിക്കുകയും ചെയ്ത ഡോ. പി. ഉമാമഹേശ്വരിയുടെ കോഴ്സിന്റെ കാലാവധി 14.12.2025 ന് അവസാനിച്ചതായും ആയതിനാൽ ആരോഗ്യ വകുപ്പിൽ പുനർനിയമനം നല്കണമെന്നും ആവശ്യപ്പെട്ട് പരാമർശ പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. പി. ഉമാമഹേശ്വരി-യെ കാസറഗോഡ് ജില്ലയിലെ പനത്തടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിൽ നിയമിച്ചു ഉത്തരവാകുന്നു.

ഡോ. പി. ഉമാമഹേശ്വരി, 27.12.2025 നു ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായി അയച്ചു തരേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Meenakshy V
Date: 23-12-2025 17:11:13

ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്

സ്വീകർത്താവ്: ഡോ. പി. ഉമാമഹേശ്വരി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ

പകർപ്പ് : 1 . അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസറഗോഡ് / കോഴിക്കോട്
3.സൂപ്രണ്ട്, താലൂക്ക് ആശുപത്രി, താമരശ്ശേരി/ മെഡിക്കൽ ആഫീസർ ഇൻ ചാർജ്, സാമൂഹികാരോഗ്യ കേന്ദ്രം, പനത്തടി
4. ഫയൽ/കരുതൽ ഫയൽ